## ആത്യന്തികവിലയിരുത്തൽ - III - 2025 – 26

**SET B**

## SSLC മാതൃകചോദ്യപേപ്പർ

# സാമൂഹ്യശാസ്ത്രം

**ക്ലാസ് – 10**

**സമയം** : 2½ **മണിക്കൂർ**

**ആകെ സ്കോർ** : 80

---

**നിർദേശങ്ങൾ**

- നിർദിഷ്ട സമയത്തിനുപുറമെ 15 മിനിറ്റ് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുവാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിക്കുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചില ചോദ്യങ്ങൾക്ക് ചോയ്സുകൾ നൽകിയിട്ടുണ്ട്. അവയിൽ നിന്നും ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.
- ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിനുള്ള ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ലോക ഭൂപടരൂപരേഖ ഉപയോഗിക്കുക.

---

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം**

**(8 × 1 = 8)**

1. നവോത്ഥാനകാലത്തെ ചില വ്യക്തികളും സൃഷ്ടികളും ഉൾക്കൊള്ളുന്ന ഗ്രൂപ്പുകളാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവയിൽ നിന്നും ഒരേ മേഖലയുമായി ബന്ധപ്പെട്ട ഗ്രൂപ്പ് കണ്ടെത്തുക.

   **A.** കോപ്പർനിക്കസ്, മാർട്ടിൻലൂഥർ, ഐസക്ന്യൂട്ടൻ
   **B.** ലിയനാർഡോ ഡാവിഞ്ചി, റാഫേൽ, പെട്രാർക്ക്
   **C.** ഉട്ടോപ്പിയ, ഡോൺകിഹോട്ട്, ഡിവൈൻ കോമഡി
   **D.** മൊണാലിസ, അന്ത്യവിധി, ഗത്താമലാത്ത

2. വിവിധ കാലാവസ്ഥാമേഖലകളുടെയും അവിടെ ജീവിക്കുന്ന തദ്ദേശീയ ജനതയുടെയും പട്ടികയാണ് ചുവടെ നൽകിയിരിക്കുന്നത്. അവയെ ചേരുംപടി ചേർക്കുക.

| | |
|---|---|
| a) സാവന്ന കാലാവസ്ഥാമേഖല | i) ലാപ്പാസ് |
| b) ഭൂമധ്യരേഖാ കാലാവസ്ഥാമേഖല | ii) മസായി |
| c) ടൺഡ്രാമേഖല | iii) ബുഷ്മെൻ |
| d) ഉഷ്ണമരുഭൂമി | iv) പിഗ്മി |

   **A.** a – iv, b – iii, c – ii, d - i
   **B.** a – iii, b – ii, c – i, d - iv
   **C.** a – ii, b – iv, c – i, d - iii
   **D.** a – i, b – iii, c – iv, d - ii

© State Assessment Cell . SCERT Kerala

3. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ഇക്കണോമിക് സാധനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക.

a. സൂര്യപ്രകാശം

b. വസ്ത്രങ്ങൾ

c. വായു

d. വാഹനങ്ങൾ

**A.** aയും bയും

**B.** bയും dയും

**C.** dയും aയും

**D.** aയും cയും

4. ജലത്തുള്ളികളായി നമുക്ക് അനുഭവവേദ്യമാകുന്ന വർഷണരൂപമാണ് മഴ. വ്യത്യസ്ത പ്രദേശങ്ങളിൽ ലഭിക്കുന്ന വിവിധതരം മഴകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയെ ചേരുംപടി ചേർക്കുക.

| | |
|---|---|
| 1. കേരളത്തിൽ ലഭിക്കുന്ന മൺസൂൺ മഴ | a) സംവഹന വൃഷ്ടി<br>b) പർവത വൃഷ്ടി |
| 2. ഭൂമധ്യരേഖാ പ്രദേശങ്ങളിൽ ലഭിക്കുന്ന 4 മണി മഴ | c) വാതമുഖ മഴ<br>d) ചക്രവാത മഴ |

**A.** 1 – a, 2 - b
**B.** 1 – b, 2 - a
**C.** 1 – c, 2 - d
**D.** 1 – a, 2 - d

5. ശരിയായ ജോഡിയെ കണ്ടെത്തുക.

| | | | |
|---|---|---|---|
| i) | വി.പി. മേനോൻ | a) | കാർഷിക പരിഷ്കരണ കമ്മറ്റി |
| ii) | ജസ്റ്റിസ് ഫസൽ അലി | b) | പഞ്ചശീല തത്വങ്ങൾ |
| iii) | ജെ.സി. കുമരപ്പ | c) | നാട്ടുരാജ്യങ്ങളുടെ സംയോജനം |
| iv) | ചൗ ഇൻലായ് | d) | സംസ്ഥാന പുനഃസംഘടന കമ്മീഷൻ |

**A.** i – d, ii – a, iii – c, iv – b
**B.** i – c, ii – d, iii – a, iv – b
**C.** i – b, ii – a, iii – d, iv – c
**D.** i – c, ii – a, iii – b, iv - d

6. മാനവവികസന സൂചിക തയ്യാറാക്കാൻ അടിസ്ഥാനമാക്കുന്ന മേഖലകളിൽ ഉൾപ്പെടാത്തത് കണ്ടെത്തുക.

**A.** ദീർഘവും ആരോഗ്യകരവുമായ ജീവിതം

**B.** പ്രതിരോധം

**C.** മെച്ചപ്പെട്ട ജീവിതനിലവാരം

**D.** അറിവ്

© State Assessment Cell - SCERT Kerala

7. സാവന്ന കാലാവസ്ഥാമേഖലയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.

   **a.** ഇരു അർധഗോളങ്ങളിലുമായി $10^0$ മുതൽ $30^0$ വരെ അക്ഷാംശങ്ങൾക്കിടയിൽ കാണപ്പെടുന്ന പുൽമേടുകൾ

   **b.** വരണ്ട വേനൽക്കാലവും ആർദ്രശൈത്യകാലവും അനുഭവപ്പെടുന്നു.

   **c.** ഇലപൊഴിയും വൃക്ഷങ്ങളും ഉയരം കൂടിയ പുല്ലുവർഗങ്ങളുമാണ് പ്രധാന സസ്യങ്ങൾ

   **d.** പഴവർഗങ്ങളും പച്ചക്കറികളും പ്രധാന കൃഷി

   **A.** aയും bയും ശരി

   **B.** aയും cയും ശരി

   **C.** d മാത്രം ശരി

   **D.** c മാത്രം ശരി

8. ചുവടെ നൽകിയിരിക്കുന്നവയിൽ വിവരാവകാശത്തിനായുള്ള പ്രസ്ഥാനത്തിന് തുടക്കം കുറിച്ച സംഘടന ഏത്?

   **A.** ഭാരതീയ കിസാൻ യൂണിയൻ

   **B.** ഷേത്കാരി സംഘടന

   **C.** റയത സംഘം

   **D.** മസ്ദൂർ കിസാൻ ശക്തി സംഘതൻ

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം** **(7 × 2 = 14)**

9. ഉന്നത വിദ്യാഭ്യാസം ലഭ്യമായിട്ടും അനുവിന് മെച്ചപ്പെട്ട ഒരു തൊഴിൽ ലഭിക്കാത്ത സാഹചര്യമാണുള്ളത്. സമൂഹശാസ്ത്രസങ്കല്പത്തിലൂടെയും സാമാന്യബോധജ്ഞാനസമീപനത്തിലൂടെയും അനുവിന്റെ ഈ പ്രശ്നത്തെ വിലയിരുത്തുക.

10. ഇന്ധനം എന്നാലെന്ത്? പുനരുപയോഗിക്കാൻ കഴിയുന്ന ഇന്ധനത്തിന് ഒരു ഉദാഹരണം എഴുതുക.

11. ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾക്ക് സഹായകമായ ശാസ്ത്ര-സാങ്കേതിക രംഗത്തെ ഏതെങ്കിലും രണ്ട് കണ്ടെത്തലുകൾ പട്ടികപ്പെടുത്തുക.

12. ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾ അവരുടെ നിലവിലെ അവസ്ഥ തുടരണമെന്ന് വ്യവസ്ഥ ചെയ്യുന്ന കരാർ ഏത്? ഈ കരാറിന്റെ ഫലം എന്തായിരുന്നു?

13. സുസ്ഥിരവികസനം സാധ്യമാക്കുന്നതിൽ വിഭവസംരക്ഷണത്തിന്റെ പങ്ക് പരിശോധിക്കുക.

14. സ്വരാജ് പാർട്ടിയുടെ നയങ്ങൾ ഗാന്ധിയൻ സമര രീതിയിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

15. ശിലകളുടെ ശിഥിലീകരണമാണ് അപക്ഷയം. ഇവ എങ്ങനെ മനുഷ്യന് പ്രയോജനകരമായി മാറുന്നു?

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാചകങ്ങളിൽ ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം** **(8 × 3=24)**

16. ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദമാക്കുക. സ്കൂളുകളിൽ ഉപഭോക്തൃ വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ കൈക്കൊള്ളാവുന്ന മാർഗങ്ങൾ നിർദേശിക്കുക.

17. ഇരുപതാം നൂറ്റാണ്ടിൽ രൂപം കൊണ്ട സമഗ്രാധിപത്യം മാനവമൂല്യങ്ങൾക്ക് വെല്ലുവിളിയായിരുന്നു. പ്രസ്താവന സമർഥിക്കുക.

18. ഭൂമധ്യരേഖാകാലാവസ്ഥാമേഖല, ടൺഡ്രാമേഖല എന്നിവ ചുവടെ നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുക.

- കാലാവസ്ഥ
- നൈസർഗിക സസ്യജാലം
- കൃഷി

19. A) ഇന്ത്യൻ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിൽ ഗോത്രസമൂഹത്തിന്റെ കല, സംസ്കാരം എന്നിവ വഹിക്കുന്ന പങ്ക് വിലയിരുത്തുക.

**അല്ലെങ്കിൽ**

B) ഇന്ത്യൻ സമൂഹത്തിലെ ബഹുസ്വരത നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യുന്നതിന് ദേശിയോദ്ഗ്രഥനം വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.

20. പണത്തിന്റെ ചാക്രിക പ്രവേഗം സാമ്പത്തിക വളർച്ചയെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

21. A) ഇന്ത്യൻ ഭരണഘടന ജനാധിപത്യ മൂല്യങ്ങൾ ഉറപ്പുവരുത്തുമ്പോഴും വർഗീയതപോലുള്ള സാമൂഹിക വിപത്തുകൾ സമൂഹത്തിൽ എന്ത് തരത്തിലുള്ള പ്രത്യാഘാതമാണ് സൃഷ്ടിക്കുന്നത്?

**അല്ലെങ്കിൽ**

B) അശാസ്ത്രീയമായ വികസനവും പരിസ്ഥിതി സംരക്ഷണവും തമ്മിലുള്ള സംഘർഷം പരിസ്ഥിതി പ്രസ്ഥാനങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്ന് വിശകലനം ചെയ്യുക.

22. സ്വതന്ത്ര ഇന്ത്യയിൽ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം? ഇവയെ വിപ്ലവങ്ങൾ എന്ന് വിളിക്കാനുള്ള കാരണമെന്ത്?

23. വാണിജ്യബാങ്കുകൾ വിവിധ നിക്ഷേപങ്ങൾക്ക് പലിശ നിശ്ചയിക്കുന്നതിലുള്ള വ്യത്യാസം വിശദമാക്കുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം** **(6 × 4=24)**

24. A) മധ്യവർഗത്തിന്റെ താൽപര്യങ്ങളായിരുന്നു നെപ്പോളിയന്റെ പരിഷ്കാരങ്ങളിൽ പ്രതിഫലിച്ചത്. പ്രസ്താവന സമർഥിക്കുക.

**അല്ലെങ്കിൽ**

© State Assessment Cell SCERT Kerala

B) ഫ്രാൻസിൽ നിലനിന്നിരുന്ന ഏകാധിപത്യ ഭരണത്തെ സമൂഹത്തിലെ ഒന്നും രണ്ടും എസ്റ്റേറ്റുകൾ അനുകൂലിച്ചതെന്തുകൊണ്ട്? വിശദമാക്കുക.

25. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് തന്നിട്ടുള്ള ലോകഭൂപടരൂപരേഖയിൽ അടയാളപ്പെടുത്തുക.

**A.** ലോകത്തിലെ ഏറ്റവും വലിയ ഉഷ്ണമരുഭൂമി.

**B.** മെഡിറ്ററേനിയൻ കടലിന് ചുറ്റുമായി കാണപ്പെടുന്ന കാലാവസ്ഥാമേഖല.

**C.** ഏഷ്യയിലെ മിതോഷ്ണ പുൽമേട്.

**D.** സ്തൂപികാഗ്രനിത്യഹരിതവൃക്ഷങ്ങൾ ധാരാളമായി കാണപ്പെടുന്ന കാലാവസ്ഥാമേഖല.

26. A) ആസൂത്രണകമ്മിഷന്റെയും നീതി ആയോഗിന്റെയും ലക്ഷ്യങ്ങൾ അതത് കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

B) വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കായി കേരളത്തിൽ രൂപീകരിച്ച സമിതി യേത്? അതിന്റെ പ്രവർത്തനം വിശദമാക്കുക.

27. ഇന്ന് ഡിജിറ്റൽ ഇടങ്ങളിൽ വ്യാജവാർത്തകൾ, സാമ്പത്തികത്തട്ടിപ്പ്, സ്വകാര്യതാലംഘനം തുടങ്ങി നിരവധി ചതിക്കുഴികൾ നിലനിൽക്കുന്നുണ്ട്. ഡിജിറ്റൽ ഇടങ്ങൾ സുരക്ഷിതമാക്കു ന്നതിൽ മാധ്യമസാക്ഷരതയും ഡിജിറ്റൽ സാക്ഷരതയും വഹിക്കുന്ന പങ്ക് വിലയിരുത്തുക.

28. ഇന്ത്യയിൽ ശക്തിപ്രാപിച്ച സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനുള്ള ബ്രിട്ടീഷുകാരുടെ ശ്രമത്തിന്റെ ഫലമായിരുന്നു ജാലിയൻവാലാബാഗ് സംഭവം. പ്രസ്താവന സമർഥിക്കുക.

29. A) ചുവടെ നൽകിയിട്ടുള്ള ഘടകങ്ങൾ ശിലകളുടെ ഏതൊക്കെ തരത്തിലുള്ള അപക്ഷയ ങ്ങൾക്കാണ് കാരണമാകുന്നത്? എങ്ങനെ?

- താപം
- മരങ്ങളുടെ വേരുകൾ

**അല്ലെങ്കിൽ**

B) അഗ്നിപർവതങ്ങൾ വിനാശകാരികളാണെങ്കിലും അഗ്നിപർവത മേഖലകളിൽ ആളുകൾ താമസിക്കുന്നു. എന്തുകൊണ്ട്?

**30, 31 ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം (2 × 5=10)**

30. A) ദൈവകേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ നിന്നും മനുഷ്യകേന്ദ്രീകൃതമായ കാഴ്ചപ്പാടി ലേക്കുള്ള മാറ്റമായിരുന്നു നവോത്ഥാനം. നവോത്ഥാനചിത്രകലയെ വിലയിരുത്തി ഈ പ്രസ്താവന സമർഥിക്കുക.

**അല്ലെങ്കിൽ**

© State Assessment Cell - SCERT Kerala

B) നിയമലംഘനസമരത്തിൽ വ്യത്യസ്ത ജനവിഭാഗങ്ങളുടെ പങ്കാളിത്തം എങ്ങനെയായിരുന്നുവെന്ന് വിശകലനം ചെയ്യുക.

31. A) ഊർജ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി പുനരുൽപാദിപ്പിക്കാൻ സാധിക്കുന്ന ഊർജവിഭവങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കേണ്ടത് അനിവാര്യമാണ്. സമർഥിക്കുക.

**അല്ലെങ്കിൽ**

B) ചുവടെ നൽകിയിട്ടുള്ള വസ്തുത പരിശോധിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക. ഭൂമിയോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന അന്തരീക്ഷപാളിയിൽ ഉയരം കൂടുന്തോറും താപനില ക്രമേണ കുറയുന്നു.

**a.** ഈ പ്രതിഭാസത്തെ വിളിക്കുന്ന പേര്?

**b.** ഈ പ്രതിഭാസം സംഭവിക്കുന്ന അന്തരീക്ഷപാളിയുടെ പേര്?

**c.** സമുദ്രനിരപ്പിൽ 30ºC താപനില അനുഭവപ്പെടുന്നുവെങ്കിൽ 2 കി.മീ. മുകളിലെത്തുമ്പോഴുള്ള അന്തരീക്ഷതാപനില എത്ര?

**d.** ഊട്ടി, മൂന്നാർ എന്നീ പ്രദേശങ്ങളിൽ കുറഞ്ഞ താപനില അനുഭവപ്പെടുന്നതെന്തുകൊണ്ട്?

© State Assessment Cell - SCERT Kerala